# കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം



## അടിമയായ യോസേഫിനെ ദൈവം മാനിക്കുന്നു

എഴുതിയത് : Edward Hughes

ഉദാഹരണം : M. Maillot; Lazarus

അംഗികരിച്ചത്: M. Maillot; Sarah S; Alastair P.

തർജ്ജിമ ചെയ്യുതത് : Rev. Benny

നിർമ്മിച്ചത് : Bible for Children

www.M1914.org

©2021 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

തന്റെ മുൻ യജമാനനാൽ
യോസേഫ് അന്യായമായി
ജയിലിൽ അടയ്ക്കപ്പെട്ടതായിരുന്നു.
ജയിലിൽ യോസേഫ് വളരെ
അനുസരണമുള്ളവനും
മറ്റുള്ളവരെ
സഹായിക്കുന്നവനും
ആയിരുന്നു.



ജയിലിലെ കാര്യാദികൾ
നോക്കിനടത്തുവാൻ വാർഡൻ
യോസേഫിനെ ഏല്പിച്ചു.
ദൈവം യോസേഫിനോടുകൂടെ ഉ
ായിരുന്നതുകൊ് ജയിൽ
എല്ലാവർക്കും ഒരു
ഉത്തമസ്ഥലമായി
മാറി.



രാജാവിന്റെ പാനപാത്രവാഹകനും അപ്പക്കാരനും ജയിലിൽ അടയ്ക്കപ്പെട്ടിരുന്നു. ഒരിക്കൽ യോസേഫ് അവരോട് ഇപ്രകാരം ചോദിച്ചു; “നിങ്ങൾ എന്താണ് ഇത്ര ദുഃഖിതരായിരിക്കുന്നത്?”



അവർ ദുഃഖത്തോടെ പറഞ്ഞു.
“ഞങ്ങൾ ക സ്പനത്തിന്റെ അർഥം
ആർക്കും പറഞ്ഞു തരുവാൻ
കഴിയുന്നില്ല.” “ദൈവത്തിനു കഴിയും,
സ്വപ്നം എന്നോടു പറക” യോസേഫ്
മറുപടി
പറഞ്ഞു.




“മൂന്നു ദിവസത്തിനുള്ളിൽ നീ ഫറവോ രാജാവിന്റെ പ്രീതി നേടും, അപ്പോൾ എന്നെ ഓർക്കുകയും എന്നെ സ്വതന്ത്രനാക്കാൻ ഫറവോനോട് പറകയും ചെയ്യേണം”
ഇതാകുന്നു നിന്റെ സ്വപ്നത്തിന്റെ അർത്ഥം എന്ന് യോസേഫ് പാനപാത്ര വാഹകനോട് പറഞ്ഞു.

എന്നാൽ അപ്പക്കാരന്റെ സ്വപ്നത്തിന്റെ അർത്ഥമോ സുവാർത്തയല്ലായിരുന്നു. “നീ മൂന്നു ദിവസത്തിനുള്ളിൽ മരിക്കും” എന്ന് യോസേഫ് അവനോട് പറഞ്ഞു. ര് സ്വപ്നങ്ങളും യാഥാർത്ഥ്യമായിത്തീർന്നു.



ഒരുദിവസം ഫറവോൻ എഴുന്നേറ്റപ്പോൾ
വല്ലാത്ത അസ്വസ്തതയിലായി, അതുവരെ
പാനപാത്രവാഹകൻ





0യോസേഫിനെ ഓർത്തില്ല.
“ഞാനൊരു സ്വപ്നം കു”
രാജാവ് പരവശനായി.

തന്റെ കൊട്ടാരത്തിലെ ജ്ഞാനികൾക്കാർക്കും അതിന്റെ പൊരുൾ പറഞ്ഞുകൊടുക്കുവാൻ കഴിഞ്ഞില്ല. അപ്പോഴാണ് പാനപാത്രവാഹകൻ





ജയിലിൽ കഴിയുന്ന യോസേഫിനെ ഓർത്തത്. അവൻ യോസേഫിനെക്കുറിച്ച് ഫറവോനോടു പറഞ്ഞു.

ഫറവോൻ യോസേഫിനെ
കൊുവരുവാൻ അതിവേഗം
ആളെ അയച്ചു.



യോസേഫ് രാജാവിനോട്; “നിന്റെ സ്വപ്നം ദൈവത്തിൽനിന്നുള്ള ഒരു ദൂതാണ്. മിസ്രയീമിൽ സമ്പന്നതയുടെ ഏഴുവർഷം ഉാകും, അതിനുശേഷം ക്ഷാമത്തിന്റെ ഏഴുവർഷമായിരിക്കും” എന്നു പറഞ്ഞു.



“സമ്പന്നതയുടെ
ആദ്യത്തെ ഏഴുവർഷം
ഭക്ഷണസാധനങ്ങൾ
സംഭരിച്ചുവയ്ക്കുക,
അല്ലാത്തപക്ഷം
നിന്റെ ജനങ്ങൾ
ക്ഷാമംകൊും
പട്ടിണികൊും
ചത്തുപോകും”
എന്ന് യോസേഫ്
ഫറവോനെ
ഉപദേശിച്ചു.



ഫറവോൻ പ്രഖ്യാപിച്ചു,
“നീ മിസ്രയീമിന്റെ മുഴുവൻ
മേലധികാരിയായിരിക്കും,
എന്റെ രാമനായിരിക്കും.
ദൈവം നിന്നോടുകൂടെ
ഉ്.”



സമ്പന്നതയുടെ ഏഴുവർഷം വന്നു. അതിനുശേഷം ക്ഷാമത്തിന്റെ ഏഴുവർഷവും. ജ്ഞാനത്തോടെ വിശാലമായ ഭണ്ഡാരങ്ങളിൽ ധാന്യങ്ങൾ സംഭരിച്ചുവച്ചിരുന്നതുകാരണം മിസ്രയീമിൽ ഒഴികെ ബാക്കി എല്ലായിടത്തും ഭക്ഷണത്തിനു ക്ഷാമം ഉായി.



അങ്ങുദൂരെ യോസേഫിന്റെ മാതൃരാജ്യത്ത് യാക്കോബും കുടുംബവും പട്ടിണിയിലായി.

ധാന്യം വാങ്ങിക്കുവാൻ സകല രാജ്യങ്ങളിൽനിന്നും ആളുകൾ മിസ്രയീമിലേക്ക് വന്നു.



യാക്കോബ് തന്റെ പുത്രന്മാരോട് പറഞ്ഞു, “നിങ്ങളും പോകുവിൻ, അല്ലെങ്കിൽ നാം പട്ടിണി കൊ് മരിച്ചുപോകും,” മിസ്രയീമിൽ വന്ന് യാക്കോബിന്റെ പുത്രന്മാർ ഭക്ഷണസാധനങ്ങൾ വാങ്ങിക്കുവാൻ തുടങ്ങി.



മിസ്രയീമിലെ പ്രഭുവും അധികാരിയുമായവന്റെ മുമ്പിൽ യാക്കോബിന്റെ പുത്രന്മാർ താണുവണങ്ങി. തങ്ങളുടെ സഹോദരനായ യോസേഫിനെ അവർ തിരിച്ചറിഞ്ഞില്ല. എന്നാൽ യോസേഫിന് അവരെ മനസിലായി. ബാല്യകാലത്തു താൻ ക സ്വപ്നം യോസേഫ് ഓർത്തു. തന്റെ സഹോദരന്മാരേക്കാൾ ഉപരിയായി ദൈവം യോസേഫിനെ ഉയർത്തി.



യോസേഫ് വലിയ ബുദ്ധിമാനായിരുന്നു.
അവൻ അവരോട് പരുഷമായി സംസാരിക്കുകയും
ശിമയോനെ ബന്ധിയായി
വയ്ക്കുകയും ചെയ്തു. എന്നിട്ട്
അവൻ അവരോട് ആജ്ഞാപിച്ചു.



“ഭക്ഷണസാധനങ്ങൾ എടുത്തുകൊൾക, വീട്ടിൽ പോയി നിങ്ങളുടെ ഇളയ സഹോദരനെയും കൂട്ടിക്കൊണ്ടുവരിക. നിങ്ങൾ ചാരന്മാരല്ല എന്ന് ഞാൻ അതിനാൽ മനസിലാക്കും.”



വർഷങ്ങൾക്കുമുമ്പ് യോസേഫിനെ അടിമയായി വിറ്റുകളഞ്ഞതിന് ദൈവം തങ്ങളെ ശിക്ഷിക്കുകയാണെന്ന് അവന്റെ സഹോദരന്മാർ ചിന്തിച്ചു.



യാക്കോബും തന്റെ പുത്രൻമാരും ചിന്താക്കുഴപ്പത്തിലായി. “ഞങ്ങളുടെ പണം ധാന്യങ്ങളോടൊപ്പം തിരികെ തന്നിരിക്കുന്നു. ബന്യാമിനെ കൊണ്ടുചെല്ലണമെന്ന് ആ ഭരണാധികാരി കർശനമായി പറഞ്ഞിരിക്കുന്നു.”



ബെന്യാമിനെ കൊണ്ടുപോകുവാൻ യാക്കോബ് സമ്മതിച്ചില്ല. എന്നാൽ തങ്ങൾ കൊണ്ടുവന്ന ഭക്ഷണസാധനങ്ങൾ വളരെവേഗം തീർന്നുപോയിരുന്നു. ആ സഹോദരന്മാർക്ക് വീണ്ടും മിസ്രയീമിൽ പോകേണ്ടിയിരിക്കുന്നു.

ബെന്യാമിൻ അവരോടൊപ്പം പോയി.



ബന്യാമിനെ കപ്പോൾ, ഒരു വലിയ വിരുന്ന് ഒരുക്കുവാൻ യോസേഫ് തന്റെ ഭൃത്യന്മാരോട് പറഞ്ഞു. സഹോദരന്മാർ വിരുന്നിന് ക്ഷണിക്കപ്പെട്ടു. “നിങ്ങളുടെ പിതാവ് ജീവനോടെ ഉ ോ? സൗഖ്യമായിരിക്കുന്നുവോ?” യോസേഫ് അവരോട് ചോദിച്ചു. തന്റെ കുടുംബത്തെ മുഴുവനും എങ്ങനെ മിസ്രയീമിൽ കൊ ുവരുവാൻ കഴിയുമെന്ന് യോസേഫ് ചിന്തിക്കയായിരുന്നിരിക്കണം.



വർഷങ്ങൾക്കുമുമ്പ് തങ്ങൾ ചെയ്ത പാപത്തിൽ തന്റെ സഹോദരന്മാർ കുറ്റബോധമുള്ളവരാണോ എന്ന് യോസേഫിന് അറിയണമായിരുന്നു. വിരുന്നിനുശേഷം അവൻ അവരെ മോഷണക്കുറ്റത്തിനു



പിടിച്ചു. എന്നിട്ടവൻ പറഞ്ഞു, “നിങ്ങൾക്കുള്ള ശിക്ഷയായി ഞാൻ ബെന്യാമിനെ എന്റെ അടിമയാക്കുന്നു.” യെഹൂദ കേണപേക്ഷിച്ചു.

“എന്റെ യജമാനനെ, എന്റെ പ്രാണൻ എടുത്തുകൊൾക, അവനെ വിട്ടുതരിക.” തന്നെ വിറ്റുകളയുവാൻ നിർദ്ദേശിച്ച യെഹൂദയ്ക്കും സത്യത്തിൽ മാറ്റംവന്നിരിക്കുന്നുവെന്ന് യോസേഫ് അറിഞ്ഞു.





തന്റെ കുടുംബത്തോടുള്ള തന്റെ സ്നേഹം ഇനിയും മറച്ചുവയ്ക്കാൻ കഴിയാതെവന്ന യോസേഫ് അവിടെയുണ്ടായിരുന്ന സകല മിസ്രയീമ്യരെയും പുറത്താക്കി. എന്നിട്ടവൻ കരയുവാൻ തുടങ്ങി.



“നിങ്ങൾ മിസ്രയീമിലേക്ക വിറ്റുകളഞ്ഞ
നിങ്ങളുടെ സഹോദരൻ യോസേഫാണ്
ഞാൻ”. ആശ്ചര്യഭരിതരും
ഭയപരവശരുമായ
ആ സഹോദരന്മാർ
സ്തംബ്ദരായിപ്പോയി.

യോസേഫ് തന്റെ സഹോദരന്മാരെ ധൈര്യപ്പെടുത്തി, ...




… “ദൈവം എന്നെ മിസ്രയീമിന് പ്രഭുവാക്കിവെച്ചതുകൊ് ഈ ക്ഷാമകാലത്ത് നിങ്ങളുടെ ജീവനെ
രക്ഷിക്കാനായി പോയി എന്റെ പിതാവിനെ കൂട്ടിക്കൊുവരിക. ഞാൻ നിങ്ങൾക്ക് വേതെല്ലാം ക്രമീകരിക്കും.”



യാക്കോബും യോസേഫും മിസ്രയീമിൽ ഒരുമിച്ചു കൂടിക്കു.

സകല കുടുംബവുമായി സമാധാനത്തോടെ സുഭിക്ഷമായി അവിടെ പാർത്തു.

അടിമയായ യോസേഫിനെ ദൈവം മാനിക്കുന്നു

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

ഉല്പത്തി 39–45

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കീർത്തനം 119:130

# അവസാനം

അദ്ഭുതവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ച യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റ
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.
യോഹന്നാൻ 3:16